# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1546 — 15/02/2016-ൽ മറുപടിയ്ക്ക്

## നിറവ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.അജിത്** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) സംസ്ഥാനത്ത് കൃഷി വകുപ്പ് മുഖേന നടപ്പാക്കുന്ന നിറവ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; എന്തെല്ലാം കാര്യങ്ങളാണ് പദ്ധതി നടത്തിപ്പിലൂടെ ഉദ്ദേശിക്കുന്നതെന്നും കോട്ടയം ജില്ലയിലെ ഏതെല്ലാം നിയോജക മണ്ഡലങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നതെന്നും വ്യക്തമാക്കാമോ; | എ) വിത്തു മുതൽ വിപണി വരെ കാർഷിക അനുബന്ധ മേഖലകളുടെ സമഗ്ര വികസനത്തിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പദ്ധതികൾ ഉൾപ്പെടുന്ന ഒരു പരിപാടിയാണ് നിറവ്. 2012-13, 2013-14, 2014-15 വർഷങ്ങളിലായി സംസ്ഥാനത്തെ 86 നിയോജക മണ്ഡലങ്ങൾ നിറവ് പദ്ധതി നടപ്പിലാക്കാൻ തിരഞ്ഞെടുത്തിട്ടുണ്ട്. നിറവ് പദ്ധതിയുടെ പ്രധാന ഉദ്ദേശ ലക്ഷ്യം കാർഷിക മേഖലയുടെ സമഗ്ര വികസനമാണ്. ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾക്കനുസൃതമായി കൃഷി വ്യാപിപ്പിക്കുന്നതിനും വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനും മൂല്യവർദ്ധനവിലൂടെയും ഉല്പന്ന വൈവിധ്യവൽക്കരണത്തിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അനുബന്ധ മേഖലകളായ കാലിവളർത്തൽ, കോഴി വളർത്തൽ, മത്സ്യകൃഷി, കൂൺകൃഷി, തേനീച്ച വളർത്തൽ എന്നിവയിലൂടെയും ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം ഉദ്ദേശിക്കുന്നു. നിറവ് പദ്ധതിയ്ക്കായി പ്രത്യേക ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടില്ല. കൃഷി |

| | |
|---|---|
| | വകുപ്പിന്റെ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നിറവ് പദ്ധതി നടപ്പിലാക്കി വരുന്നത്.<br>കോട്ടം ജില്ലയിലെ പാല, വൈക്കം, പുതുപ്പള്ളി, കടുത്തുരുത്തി, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി എന്നിങ്ങനെ 6 നിയോജക മണ്ഡലങ്ങളാണ് പദ്ധതി നടത്തിപ്പിന് തിരഞ്ഞെടുത്തിട്ടുള്ളത്. |
| ബി) കോട്ടയം ജില്ലയിൽ പദ്ധതി നടപ്പാക്കുന്ന നിയോജകമണ്ഡലങ്ങളിലെ പുരോഗതി വെളിപ്പെടുത്തുമോ; ഓരോ നിയോജക മണ്ഡലത്തിലും പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വെളിപ്പെടുത്തുമോ ? | ബി) ഓരോ നിയോജക മണ്ഡലങ്ങളിൽ പ്രത്യേകം പ്രത്യേകമായി പുരോഗതി അവലോകനം ചെയ്തിട്ടില്ല. കൃഷി വകുപ്പിന്റെ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നിറവ് പദ്ധതി നടപ്പിലാക്കി വരുന്നത്. അതിനാൽ നിയോജക മണ്ഡത്തിന്റെ സമഗ്രമായ വികസനം ഇതുകൊണ്ട് സാധ്യമാകുന്നുണ്ട്. പദ്ധതികൾ 2016 മാർച്ച് 31-നു മുമ്പ് പൂർത്തിയാകും എന്നു പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**